**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2630** **07-07-2022 - ല്‍ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയില്‍ കാലാനുസൃതമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ് | | ശ്രീ. വി.എന്‍ വാസവന്‍<br>(സഹകരണ- രജിസ്ട്രേഷന്‍ വകുപ്പ് മന്ത്രി) | |
| (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തില്‍ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്; അവയില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; | (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കടുത്തുരുത്തി നിയോജക മണ്ഡലത്തില്‍ നിന്ന് റിസ്ക്ഫണ്ട് ധനസഹായം അനുവദിക്കുന്നതിലേക്കായി ആകെ 107 അപേക്ഷകള്‍ സഹകരണ വികസന ക്ഷേമനിധി ബോര്‍ഡില്‍ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു. അതില്‍ 2 അപേക്ഷകളില്‍ ധനസഹായം അനുവദിച്ചിട്ടുള്ളതും, ധനസഹായത്തിന് അര്‍ഹതയില്ലാത്തതിനാല്‍ 2 അപേക്ഷകള്‍ നിരസിച്ച് ബന്ധപ്പെട്ട സംഘങ്ങള്‍ക്ക് കത്ത് നല്‍കിയിട്ടുള്ളതുമാണ്. ബാക്കി 103 അപേക്ഷകള്‍ സഹകരണ വികസന ക്ഷേമനിധി ബോര്‍ഡില്‍ കുടിശ്ശികയായുണ്ട്. ടി കുടിശ്ശിക അപേക്ഷകളില്‍ 19 അപേക്ഷകളില്‍ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സംഘങ്ങള്‍ക്ക് കത്ത് നല്‍കിയിട്ടുള്ളതും, 6 അപേക്ഷകളില്‍ ധനസഹായത്തിന് അര്‍ഹതയില്ലാത്തതിനാല്‍ നിരസിക്കുന്നതിനും, 9 അപേക്ഷകളില്‍ റിസ്ക്ഫണ്ട് ധനസഹായം നല്‍കുന്നതിനുമുള്ള നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ട്. ബാക്കി 69 അപേക്ഷകളില്‍ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചുവരുന്നു. |
| (ബി) | റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയില്‍ കാലാനുസൃതമായ മാറ്റം വരുത്തുവാന്‍ സര്‍ക്കാര്‍ തയ്യാറാകുമോ; | (ബി) | കാലാകാലങ്ങളില്‍ റിസ്ക്ഫണ്ട് നിയമാവലിയില്‍ ഭേദഗതി വരുത്തി പരിഷ്കരിച്ചുവരുന്നുണ്ട്. ഏറ്റവും ഒടുവിലായി 20.09.2019-ല്‍ ആണ് റിസ്ക്ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളില്‍ ഭേദഗതി വരുത്തി അംഗീകരിച്ചത്. റിസ്ക്ഫണ്ട് ആനുകൂല്യങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനുള്ള നിയമാവലി ഭേദഗതി 08.06.2022 ല്‍ സഹകരണ വികസന ക്ഷേമനിധി ബോര്‍ഡ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി വരുത്തുന്നതിനുള്ള ശുപാര്‍ശ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകുന്ന വായ്പകളും അവയുടെ നടപടിക്രമങ്ങളും വിശദമാക്കാമോ? | (സി) | കേരള ബാങ്ക് മുഖേന ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങൾക്കുൾപ്പെടെ KB Pravasi Bhadratha, KB Suvidha Plus, KB Pravasi Kiran, KB Suvidha തുടങ്ങിയ പദ്ധതികളിലായി വായ്പകൾ നൽകുന്നുണ്ട്.<br><br>**5.00** ലക്ഷം രൂപ വരെയുള്ള KB Pravasi Bhadratha, KB Suvidha Plus വായ്പകൾ വായ്പാക്കാരൻ ചെയ്യാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ അടിസ്ഥാനത്തിൽ ലളിതമായ ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നു.<br><br>**24.00** ലക്ഷം രൂപ വരെയുള്ള KB Pravasi Kiran, KB Suvidha വായ്പകൾ കൊളാറ്ററൽ സെക്യൂരിറ്റിയോടുകൂടി അനുവദിക്കുന്നു. ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ രൂപരേഖയോടൊപ്പം ഈട് വസ്തുവിന്റെ വിശദാംശങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.<br><br>KB Pravasi Kiran, KB Pravasi Bhadratha തുടങ്ങിയ വായ്പകൾക്ക് Norka Rootsൽ നിന്നും പ്രത്യേക സബ്സിഡിയും (പദ്ധതി ചിലവിന്റെ **15%**, പലിശയുടെ 3%) ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ